അവരെ സ്ഥിരപ്പെടുത്തിക്കൊണ്ടും 5-3-2005-ലെ സർക്കാർ ഉത്തരവ് (പ്രിന്റഡ്) 33/2005/സാക്ഷേവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി)

(i) സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ 3% സംവരണം

(ii) വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്, പാസ്ബുക്ക് എന്നിവ നൽകുന്ന പദ്ധതി

(iii) ചികിത്സാ ധനസഹായ പദ്ധതി

(iv) പെൻഷൻ പദ്ധതി

(v) അന്ധരും/ശാരീരിക വൈകല്യമുള്ളവരുമായ അഭിഭാഷകർക്ക് ധനസഹായം

(vi) ഇന്റർവ്യൂ/എഴുത്തുപരീക്ഷ എന്നിവയിൽ പങ്കെടുക്കുന്ന വികലാംഗർക്ക് യാത്രാ അലവൻസ്

(vii) വികലാംഗർക്ക് വേണ്ടി ഭവനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ്

(viii) സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്കോളർഷിപ്പ്

(ix) ഒന്നാം ക്ലാസ് മുതൽ തുടർന്നു വിദ്യാഭ്യാസം നടത്തുന്ന വികലാംഗർക്ക് സ്കോളർഷിപ്പ്

(x) വികലാംർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾവഴി കമ്പ്യൂട്ടർ, ടെയിലറിംഗ്, ബുക്ക് ബയന്റിംഗ് എന്നീ ട്രേഡുകളിൽ പരിശീലനം

(xi) സ്തുത്യർഹമായ സേവനം നടത്തുന്ന വികലാംഗർക്കും ഏറ്റവും കൂടുതൽ വികലാംഗർക്ക് ജോലി നൽകുന്ന സ്ഥാപനങ്ങൾക്കുമുള്ള സംസ്ഥാന അവാർഡ്

(xii) വികലാംഗരായ വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ എന്നിവരെ സംരക്ഷിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ

(xiii) വികലാംഗരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വികലാംഗക്ഷേമ കോർപ്പറേഷൻ

(xiv) കെ. എസ്. ആർ. ടി. സി.-യിൽ യാത്രാ സൗജന്യം.

വികലാംഗരെ സ്ഥിരപ്പെടുത്താൻ നടപടി

63 [3468] *ശ്രീ. തമ്പാനൂർ രവി*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളിൽ താൽക്കാലികമായി ജോലി നോക്കുന്ന വികലാംഗരുടെ എണ്ണം വകുപ്പു തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആൾക്കാരെ ജോലിയിൽ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇവരെ ജോലിയിൽ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) & (സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലികമായി നിയമിക്കപ്പെട്ട് 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം താല്ക്കാലിക സർവ്വീസ് പൂർത്തിയാക്കിയ വികലാംഗർക്ക് സ്ഥിരം നിയമനം നൽകുന്നതിനാവശ്യമായ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 5-3-2005-ലെ സർക്കാർ ഉത്തരവ് (പ്രിന്റഡ്) 33/2005/സാക്ഷേവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

വികലാംഗർക്ക് അവാർഡ്

64 [3470] *ശ്രീ. പി. ജെ. ജോയി:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *പ്രൊഫ. കെ. വി. തോമസ്:*
,, *ജി. കാർത്തികേയൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ യൂണിയനിലുള്ള സംസ്ഥാനങ്ങളിലെ സർവ്വീസുകളിൽ പ്രാഗൽഭ്യം തെളിയിക്കുന്ന വികലാംഗർക്ക് വികലാംഗ ദിനത്തിൽ രാഷ്ട്രപതി അവാർഡ് നൽകാറുണ്ടോ;

(ബി) 2004-ൽ കേരളത്തിൽ നിന്നുള്ള എത്ര പേർക്ക് രാഷ്ട്രപതിയിൽ നിന്നും അവാർഡ് ലഭിച്ചു;

(സി) പ്രസ്തുത വർഷം ആർക്കുംതന്നെ രാഷ്ട്രപതിയിൽ നിന്നും അവാർഡ് ലഭിക്കാത്തപക്ഷം അതിനുള്ള കാരണമെന്തെന്ന് പറയാൻ കഴിയുമോ;

(ഡി) പ്രസ്തുത വർഷം രാഷ്ട്രപതിയുടെ അവാർഡിന് അർഹരായ വികലാംഗർ സംസ്ഥാനത്തുണ്ടായിരുന്നില്ലേ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly